# Malayala Manorama

# 19 August 2018

# Kochi, Navy, Food Parcels Distributed



## നാവികസേന വിതരണം ചെയ്തത് ഒരു ലക്ഷത്തിലേറെ ഭക്ഷണപ്പൊതി

കൊച്ചി • ഇന്നലെ സംസ്ഥാനത്താകെ നാവികസേന പ്രളയമേഖലയിൽ എത്തിച്ചുകൊടുത്തത് ഒരു ലക്ഷത്തിലേറെ ഭക്ഷണപ്പൊതികൾ. ഇതിൽ ഭൂരിഭാഗവും വായുമാർഗം എത്തിച്ച് ഇട്ടുകൊടുക്കുകയായിരുന്നു.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇന്നലെ വൈകിട്ടുവരെ നാവികസേന രംഗത്തിറക്കിയത് 72 ഡൈവിങ് ടീമുകളെ. അതിരാവിലെതന്നെ പുതുതായി എട്ടു ടീമുകളെ നിയോഗിച്ചിരുന്നു. ചാലക്കുടിയിൽമാത്രം 10 ടീമുകൾ സേവനനിരതരായി. ചെങ്ങന്നൂരിലും 10 സംഘങ്ങൾ ഇറങ്ങി. മുൻ ദിവസങ്ങളിലേപ്പോലെ ഹെലികോപ്റ്ററുകളിലും രക്ഷാദൗത്യം നിറവേറ്റി. 350 പേരെയാണു രക്ഷപ്പെടുത്തി നേവിയുടെ ക്യാംപിൽ എത്തിച്ചത്.